**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **10-06-2021 - ൽ മറുപടിയ്ക്ക്**

**അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപകരെ റിട്ടയർമെന്റ് പോസ്റ്റുകളിൽ നിയമിക്കാൻ നിലവിൽ തടസ്സമുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ അദ്ധ്യാപക ഒഴിവുകളിൽ സ്കൂൾ തുറക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| (ബി) | സർക്കാർ സ്കൂളുകളിൽ നിലവിലുള്ള റിട്ടയർമെന്റ് പോസ്റ്റുകളിൽ എത്ര അധ്യാപകരെ നിയമിക്കാനുണ്ടെന്ന വിവരം ജില്ല തിരിച്ച വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം കാത്തു നിൽക്കുന്ന എത്ര അധ്യാപകരുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) | ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല എണ്ണം 1 . തിരുവനന്തപുരം 332 2. കൊല്ലം 478 3. പത്തനംതിട്ട 175 4. ആലപ്പുഴ 258 5. കോട്ടയം 471 6. ഇടുക്കി 414 7. എറണാകുളം 629 8. തൃശ്ശൂർ 803 9. പാലക്കാട് 682 10. മലപ്പുറം 1098 11. കോഴിക്കോട് 1039 12. വയനാട് 198 13. കണ്ണൂർ 1238 14. കാസറഗോഡ് 254 ആകെ 8069 |
| (ഡി) | നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | 2016-17 അദ്ധ്യയന വർഷം മുതലുള്ള എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിലെ നിയമനങ്ങൾ കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7 (2) പ്രകാരം 1:1 (ആദ്യത്തേത് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് അതത് സ്കൂൾ മാനേജർമാർക്കും) എന്ന അനുപാതത്തിലാണ് നികത്തേണ്ടത്. പുതിയതായി തുടങ്ങിയതോ/ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ റെഗുലർ നിയമങ്ങളിലൊന്നിൽ, കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7 (3) പ്രകാരം സംരക്ഷിതാദ്ധ്യാപകരെ കൊണ്ട് നികത്തേണ്ടതുമാണ്. ഇപ്രകാരമല്ലാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചിരുന്നില്ല. ഇങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് മേൽ ചട്ടത്തിന് സർക്കാർ ഒരു താല്ക്കാലിക ഇളവ് പ്രഖ്യാപിച്ചു. 06.02.2021-ലെ സ.ഉ.(അച്ചടി) |

| | | | |
|---|---|---|---|
| | | | നം.04/2021/പൊ.വി.വ., 25.02.2021-ലെ സർക്കാർ കത്ത് നം. ജെ2/87/2020/ പൊ.വി.വ എന്നിവ പ്രകാരം 2016-17 മുതൽ 2019-20 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ (സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടിയിരുന്നത്) മാനേജർമാർ സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ